പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 22

11-06-2012 - ൽ മറുപടിക്ക്

## യു.എൻ.ഡി.പി.യുടെ കേരള സന്ദർശനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ. അച്ചുതൻ : | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ഭരണ സുതാര്യത പഠന വിധേയമാക്കുവാൻ ഐക്യ രാഷ്ട്രസഭയുടെ ഏജൻസിയായ യു.എൻ.ഡി.പി. സംസ്ഥാനം സന്ദർശിച്ചിരുന്നുവോ; വിശദമാക്കുമോ ; | (എ) | സുതാര്യതയിൽ അധിഷ്ഠിതമായ സർവ്വ തലസ്പർശിയായ വികസനത്തിലും യു.എൻ.ഡി.പി.-യുടെ പ്രശംസ പിടിച്ചു പറ്റിയ കേരള ഭരണ മാതൃക പഠിക്കാൻ യു.എൻ.ഡി.പി. ഡമോക്രാറ്റിക് ഗവേ-ണൻസ് ഗ്ളോബൽ ഡയറക്ടർ 08-03-2012-ന് സംസ്ഥാനം സന്ദർശിച്ചിരുന്നു. സർവ്വതലസ്പർശിയായ ഭരണ ക്രമം കരുപ്പിടിപ്പിക്കുന്നതിന് യു.എൻ.ഡി.പി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടേയും സംഘടനകളുടേയും വിദഗ്ധരുടേയും കാഴ്ചപ്പാടുകളും അനുഭവങ്ങളും പങ്കിടുക, ഈ മേഖലയിലുള്ള ഗവേഷണങ്ങളേയും പഠനങ്ങളേയും പ്രോൽസാഹിപ്പിക്കുക, കൂടുതൽ പരിഷ്ക്കാരങ്ങൾക്കുള്ള വഴിയൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് ആണ് സെമിനാർ സംഘടിപ്പിച്ചത്. |
| (ബി) | യു.എൻ.ഡി.പി. ഇങ്ങനെ ഒരു സന്ദർശനം നടത്താൻ കാരണമെന്തന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ ഭരണ സുതാര്യത, മുഖ്യമന്ത്രിയുടെ ജന സമ്പർക്കപരിപാടി മുഖേനയുള്ള ജനപങ്കാളിത്തം, ജനങ്ങളുമായി അടുത്തറിയുന്ന ഭരണ സംവിധാനം മുതലായവ പഠന വിധേയമാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു യു.എൻ.ഡി.പി സന്ദർശനം |
| (സി) | ഏതെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കാൻ ഉദ്ദേശിക്കു ന്നതെന്ന് അറിയിച്ചിട്ടുണ്ടോ; | (സി) | നിലവിലുള്ള ജനാധിപത്യഭരണ സംവിധാനം, ഇ-ഗവേർണൻസ്, ഭരണ സുതാര്യത, അഴിമതി നിരോധനം, തദ്ദേശ സ്വയംഭരണം, മുഖമന്ത്രിയുടെ ഓഫീസിലെ 24 X 7 പ്രവർത്തിക്കുന്ന കോൾസെന്റർ, വിസിൽ ബ്ളോയിംഗ് സെന്റർ, വിഷൻ 2030-മായി ബന്ധപ്പെട്ട ഐഡിയബോക്സ് മുതലായവ. |

(ഡി) സംസ്ഥാനം സന്ദർശിച്ചശേഷം യു.എൻ.ഡി.പി.യുടെ പ്രതികരണം എന്തായിരുന്നു; വിശദമാക്കുമോ ?

(ഡി) കേരളത്തിന്റെ പല പരിഷ്ക്കാരങ്ങളും തദ്ദേശീയ സങ്കേതങ്ങളെ അടിസ്ഥാന മാക്കിയുള്ളതാണെന്നതും സുതാര്യ തയ്ക്കും സാമൂഹ്യ പ്രതിബദ്ധതക്കും വേണ്ടി ലോകത്തിന്റെ വിവിധഭാഗങ്ങ ളിൽ പ്രക്ഷോഭങ്ങൾ നടന്നു വരുന്ന ഘട്ടത്തിൽ കേരളം ഇക്കാര്യത്തിൽ എടുത്തിട്ടുള്ള ചുവട് വയ്പുകൾക്ക് പ്രത്യേക പ്രാധാന്യമുണ്ടെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് മുഴുവൻ സമയവും വെബ്കാസ്റ്റ് ചെയ്ത് ജനങ്ങൾക്ക് പ്രാപ്യമാക്കിയതും പരാതി പരിഹാരത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ തുറന്നതും സാങ്കേതികവിദ്യ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എങ്ങനെ ഫലപ്രദമായി ഉപയോഗി ക്കാമെന്നതിനുള്ള ഉത്തമ ഉദാഹരണ മാണെന്നും യു.എൻ.ഡി.പി.യുടെ പ്രതിനിധിപ്രതികരിച്ചു.

**സെക്ഷൻ ആഫീസർ**